## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -കായംകുളം താലൂക്ക് ആശുപത്രിയിലെ ലെ സെക്രട്ടറി ആന്റ് ട്രഷറർ ആയിരുന്ന ശ്രീ. മധുലാൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നത് -അച്ചടക്ക നടപടി ആരംഭിച്ചത് -അച്ചടക്ക നടപടിയ്ക്കും തുടരന്വേഷണത്തിനും വിധേയമായി ജോലിയിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. കുറ്റാരോപണ മെമ്മോ നം. ഇ.സി.6-100140/2017/ആ.വ.ഡ., തീയതി 07/12/2017.
2. ഇ.സി.6-100140/2017/ആ.വ.ഡ. -ൽ നിന്നുള്ള കുറിപ്പ്, തീയതി 27/04/2018.

## ഉത്തരവ് നമ്പർ ഇ.ഡി.3 -4259/2018/ആ.വ.ഡ,തീയതി 19/05/2018.

കായംകുളം താലൂക്ക് ആശുപത്രിയിലെ ലേ സെക്രട്ടറി ആന്റ് ട്രഷറർ ആയിരുന്ന ശ്രീ. മധുലാൽ 23/10/2017 മുതൽ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുക വഴി, ഒദ്യോഗിക സ്വഭാവദൂഷ്യം, അച്ചടക്ക ലംഘനം, 1958 -ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുക എന്നീ കുറ്റങ്ങൾക്ക് വിധേയനായതിനാൽ പരാമർശം (1) പ്രകാരം അച്ചടക്ക നടപടികൾ ആരംഭിച്ച് കുറ്റപത്രം നൽകിയിരുന്നു.

അച്ചടക്ക നടപടികൾക്കും, തുടർ അന്വേഷണത്തിനും വിധേയമായി ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാൻ പരാമർശം (2) പ്രകാരം നിർദ്ദേശം ലഭിച്ചിരിക്കുന്നു. അതിനാൽ ശ്രീ. മധു ലാൽ എസ്. -നെ ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ടയിൽ ലേ സെക്രട്ടറി ആന്റ് ട്രഷറർ ആയി ജോലിയിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ജോലിയിൽ പ്രവേശിച്ച് ആർ.റ്റി.സി. ഈ ഓഫീസിൽ ലഭ്യമാക്കണമെന്ന് അറിയിക്കുന്നു.

(ഒപ്പ്)
ഡോ. വി. ആർ. രാജു
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്:
ശ്രീ. എസ്. മധുലാൽ
(ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം.

പകർപ്പ്-
1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം.
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പത്തനംതിട്ട.
4. സൂപ്രണ്ട്, ജില്ലാ ആശുപത്രി, കായംകുളം, ആലപ്പുഴ.
5. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്